**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2088** **12-02-2024 - ൽ മറുപടിയ്ക്ക്**

**ഗവ. ഹോമിയോപ്പതിക് മെഡിക്കൽ കോളേജുകളിലെ വിവിധ വിഭാഗങ്ങളിലെ വിജ്ഞാപനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ഗവ. ഹോമിയോപ്പതിക് മെഡിക്കൽ കോളേജുകളിലെ വിവിധ വിഭാഗങ്ങളിലെ അസോസിയേറ്റ് പ്രൊഫസർ തസ്തികയിലേക്ക് കാറ്റഗറി നമ്പർ 168/2023 മുതൽ കാറ്റഗറി നമ്പർ 178/2023 വരെയുള്ള വിജ്ഞാപനങ്ങൾക്ക് കെ.പി.എസ്.സി. 16.11.2023-ന് തിരുത്തൽ വിജ്ഞാപനം പുറപ്പെടുവിക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കാമോ; ആയത് സംബന്ധിച്ച് സർക്കാർ ഉത്തരവ്/നിർദ്ദേശം നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (എ) | അസ്സോസിയേറ്റ് പ്രൊഫസർ തസ്തിക സ്പെഷ്യൽ റൂൾസ് ലെ വ്യവസ്ഥകൾ പ്രകാരമായിരുന്നു വിജ്ഞാപനം ചെയ്തത്. എന്നാൽ പരിചയ സർട്ടിഫിക്കറ്റ് സംബന്ധിച്ച് Sri. Vivek shakthidharan and others ഫയൽ ചെയ്ത OA(EKM)No. 1554/2023 പ്രകാരം 19.09.2023തീയതിയിലെ ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ യോഗ്യത, പരിചയ സർട്ടിഫിക്കറ്റ് എന്നിവ സംബന്ധിച്ച് സെൻട്രൽ കൗൺസിൽ ഓഫ് ഹോമിയോപ്പതി (CCH) റെഗുലേഷൻ പ്രകാരം, 16.11.2023 ന് തിരുത്തൽ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>സെൻട്രൽ കൗൺസിൽ ഓഫ് ഹോമിയോപ്പതി (CCH) റെഗുലേഷനിലെ കാലാകാലങ്ങളിലെ മാറ്റങ്ങൾ സ്പെഷ്യൽ റൂൾസ് ന് ബാധകമാണ്. സെൻട്രൽ കൗൺസിൽ ഓഫ് ഹോമിയോപ്പതി റെഗുലേഷനിൽ നിന്നും സ്പെഷ്യൽ റൂൾസിൽ വ്യതാസം ഉണ്ടെങ്കിൽ റെഗുലേഷൻസ് ആയിരിക്കും ബാധകമാകുക.<br><br>സർക്കാർ ഇക്കാര്യത്തിൽ ഉത്തരവ്/നിർദ്ദേശം നൽകിയിട്ടില്ല. |
| (ബി) | ഗവ. ഹോമിയോപ്പതിക് മെഡിക്കൽ കോളേജുകളിലെ വിവിധ വിഭാഗങ്ങളിലെ പ്രൊഫസർ തസ്തികയിലേക്കുള്ള 30.12.2023-ലെ കാറ്റഗറി നമ്പർ 625/2023 മുതൽ കാറ്റഗറി നമ്പർ 628/2023 പ്രകാരമുള്ള വിജ്ഞാപനത്തിൽ ഉൾക്കൊള്ളിച്ച അടിസ്ഥാന യോഗ്യത കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് മെഡിക്കൽ എജ്യൂക്കേഷൻ (ടീച്ചിംഗ്) സർവ്വീസസ് സ്പെഷ്യൽ റൂൾസ് -2019-ൽ പരാമർശിച്ചിട്ടുള്ള മാനദണ്ഡം ലംഘിക്കുന്നതാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സെൻട്രൽ കൗൺസിൽ ഓഫ് ഹോമിയോപ്പതി റെഗുലേഷൻ പ്രകാരമാണ് ടി തസ്തികയിലേയ്ക്കുള്ള വിജ്ഞാപനം ചെയ്തിട്ടുള്ളത് |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത അസോസിയേറ്റ് പ്രൊഫസർ/പ്രൊഫസർ തസ്തികകളിലേക്കുള്ള നേരിട്ടുള്ള നിയമനത്തിന് അന്യസംസ്ഥാന സ്വകാര്യ ഹോമിയോപ്പതിക് മെഡിക്കൽ കോളേജുകളിലെ അധികാരികൾ സാക്ഷ്യപ്പെടുത്തിയ/അനുവദിച്ച പ്രവൃത്തി പരിചയ സർട്ടിഫിക്കറ്റ് അടിസ്ഥാന യോഗ്യതയായി പരിഗണിക്കുന്നതിന് പ്രസ്തുത തിരുത്തൽ വിജ്ഞാപനങ്ങൾക്ക് അടിസ്ഥാനമായ സർക്കാർ ഉത്തരവ്/നിർദ്ദേശം പ്രകാരം അനുമതി നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (സി) | സർക്കാർ ഉത്തരവ്/ നിർദ്ദേശം നൽകിയിട്ടില്ല. |
| (ഡി) | സംസ്ഥാനത്തെ ഗവ. ഹോമിയോപ്പതിക് മെഡിക്കൽ കോളേജുകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലികാടിസ്ഥാനത്തിൽ നിയമിതരായിരുന്നവർക്ക് പ്രസ്തുത നിയമനക്കാലയളവിലെ ഇടവേളകൾ കണക്കാക്കി അനുവദിക്കേണ്ട പ്രവൃത്തി പരിചയ സർട്ടിഫിക്കറ്റിനു പകരം ദീർഘകാലത്തെ സർട്ടിഫിക്കറ്റ് അനുവദിച്ചിട്ടുണ്ടോ; പ്രസ്തുത സർട്ടിഫിക്കറ്റ് അസോസിയേറ്റ് പ്രൊഫസർ/പ്രൊഫസർ തസ്തികകളിലേക്കുള്ള നേരിട്ടുള്ള നിയമനങ്ങൾക്കുള്ള അടിസ്ഥാന യോഗ്യതയായി പരിഗണിക്കുന്നതിന് സർക്കാർ ഉത്തരവ്/നിർദ്ദേശം പ്രകാരം അനുമതി നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ഡി) | ജോലി നോക്കിയിരുന്ന കാലയളവിലേയ്ക്ക് മാത്രമാണ് പ്രവൃത്തി പരിചയ സർട്ടിഫിക്കറ്റ് അനുവദിച്ചത്. ദീർഘകാല സർട്ടിഫിക്കറ്റ് അനുവദിച്ചിട്ടില്ല. കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് മെഡിക്കൽ എജ്യുക്കേഷൻ (ടീച്ചിംഗ്) സർവ്വീസസ് സ്പെഷ്യൽ റൂൾ പ്രകാരം പ്രൊഫസർ/ അസോസിയേറ്റ് പ്രൊഫസർ തസ്തികയിലെ നിയമനത്തിന് നിശ്ചിത കാലയളവിലെ കേരളത്തിലെ അംഗീകൃത ഹോമിയോപ്പതിക് മെഡിക്കൽ കോളേജുകളിൽ നിന്നും ലഭിക്കുന്ന പ്രവൃത്തി പരിചയം യോഗ്യതയായി കണക്കാക്കാവുന്നതാണ്. |
| (ഇ) | പ്രസ്തുത അസോസിയേറ്റ് പ്രൊഫസർ/പ്രൊഫസർ തസ്തികകളിലേക്കുള്ള നേരിട്ടുള്ള നിയമനത്തിന് അന്യസംസ്ഥാന സ്വകാര്യ ഹോമിയോപ്പതിക് മെഡിക്കൽ കോളേജുകളിലെ അധികാരികൾ സാക്ഷ്യപ്പെടുത്തിയ/അനുവദിച്ച പ്രവൃത്തി പരിചയ സർട്ടിഫിക്കറ്റ് അടിസ്ഥാന യോഗ്യതയായി സമർപ്പിച്ചിട്ടുള്ള ഉദ്യോഗാർത്ഥികൾ യു.ജി.സി. റെഗുലേഷൻസ്, 2018 പ്രകാരം പ്രസ്തുത കാലയളവിൽ ജോലി ചെയ്യുന്ന/ചെയ്തുവരുന്ന സ്ഥാപനങ്ങളിൽ നിന്നും യു.ജി.സി. മാനദണ്ഡപ്രകാരമുള്ള നിയമന ഉത്തരവിന്റെ അടിസ്ഥാനത്തിൽ ജോലിയിൽ പ്രവേശിച്ചിട്ടുള്ളതായും ആയതനുസരിച്ചുള്ള ശമ്പളം കൈപ്പറ്റിയിട്ടുള്ളതായും തെളിയിക്കേണ്ടതുണ്ടോ; വിശദമാക്കാമോ? | (ഇ) | കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് മെഡിക്കൽ എജ്യുക്കേഷൻ (ടീച്ചിംഗ്) സർവ്വീസസ് സ്പെഷ്യൽ റൂൾ പ്രകാരം പ്രൊഫസർ/ അസോസിയേറ്റ് പ്രൊഫസർ തസ്തികയിലെ നിയമനത്തിന് നിശ്ചിത കാലയളവിലെ കേരളത്തിലെ അംഗീകൃത ഹോമിയോപ്പതിക് മെഡിക്കൽ കോളേജുകൾ അല്ലെങ്കിൽ അന്യസംസ്ഥാനങ്ങളിലെ അംഗീകൃത സർക്കാർ ഹോമിയോപ്പതിക് മെഡിക്കൽ കോളേജുകളിൽ നിന്നും ലഭിക്കുന്ന പ്രവൃത്തി പരിചയമാണ് യോഗ്യതയായി നിഷ്കർഷിച്ചിരിക്കുന്നത്. അന്യസംസ്ഥാന സ്വകാര്യഹോമിയോപ്പതിക് മെഡിക്കൽ കോളേജുകളിലെ അധികാരികൾ സാക്ഷ്യപ്പെടുത്തിയ പ്രവൃത്തിപരിചയ സർട്ടിഫിക്കറ്റ് നിശ്ചിത യോഗ്യതയായി കണക്കാക്കാൻ കഴിയില്ല. |

സെക്ഷൻ ഓഫീസർ